4. തിരുവനന്തപുരം നഗരവും, ശ്രീകാര്യം, കുടപ്പനക്കുന്ന്, വട്ടിയൂർക്കാവ് എന്നീ പഞ്ചായത്തുകളിലേക്കുള്ള ശുദ്ധജല വിതരണം മെച്ചപ്പെടുത്തുന്നതിനായി ജെ.ബി.ഐ.സി. ധനസഹായത്തോടെ ഒരു ബൃഹത് പദ്ധതി നടപ്പിലാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു.

തീരപ്രദേശങ്ങളെ കടലാക്രമണത്തിൽ നിന്ന് സംരക്ഷിക്കാൻ പദ്ധതികൾ

*9 [39] ശ്രീ. വി. കെ. ഇബ്രാഹിംകുഞ്ഞ്:
" കെ. കുട്ടി അഹമ്മദ്കുട്ടി:
" പി. കെ. അബ്ദുറബ്ബ്:
" സി. മമ്മൂട്ടി:
" പി. കെ. കെ. ബാവ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടൽത്തീരപ്രദേശങ്ങളെ കടലാക്രമണത്തിൽ നിന്നു രക്ഷിക്കാനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വെളിപ്പെടുത്തുമോ;

(ബി) തീരദേശ സംരക്ഷണത്തിനായി കടൽഭിത്തി നിർമ്മാണം നടന്നു കൊണ്ടിരിക്കുന്നത് ഏതെല്ലാം പ്രദേശങ്ങളിലാണ് എന്ന് വ്യക്തമാക്കുമോ;

(സി) നിലവിലുള്ള കടൽഭിത്തികളുടെ അറ്റകുറ്റപ്പണികൾ അടിയന്തിരമായി നടത്തുന്നതിന് നടപടി സ്വീകരിക്കുമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്):

(എ) കടൽത്തീരപ്രദേശങ്ങളെ കടലാക്രമണത്തിൽ നിന്നും രക്ഷിക്കാനായി കടൽഭിത്തി നിർമ്മാണവും നിലവിലുള്ള കടൽഭിത്തികളുടെ അറ്റകുറ്റപ്പണികളും നടത്തിവരുന്നു. എറണാകുളം ജില്ലയിലെ വൈപ്പിൻ, ചെല്ലാനം ദ്വീപുകളിൽ കടലാക്രമണത്തിൽ നിന്നും സംരക്ഷിക്കുന്നതിനായി പുലിമുട്ടുകളും നിർമ്മിച്ചുവരുന്നു.

(ബി) തിരുവനന്തപുരം ജില്ലയിൽ വലിയതുറ, പെരുമാതുറ, പുതുക്കുറിച്ചി, താഴെപ്പള്ളി, കാപ്പിൽ, ഓടയം. കൊല്ലം ജില്ലയിൽ ആലപ്പാട്, ശക്തികുളങ്ങര കടവ്, ആറാട്ടുപുഴ, പെരുംപള്ളി. ആലപ്പുഴ ജില്ലയിൽ വണ്ടാനം, ആനന്ദേശ്വരം, കാട്ടൂർ, ഒറ്റമശ്ശേരി, കക്കാഴം, പള്ളിത്തോട്. എറണാകുളം ജില്ലയിൽ വൈപ്പിനിൽ ഞാറക്കൽ, നായരമ്പലം, എടവനക്കാട്, പള്ളിപ്പുറം എന്നിവിടങ്ങളിലും ചെല്ലാനത്ത് പാളത്തോട്, കണ്ണമാലി, I.N.S., മറുവക്കാട്, ഗുണ്ടുപറമ്പ് എന്നിവിടങ്ങളിലും കടൽഭിത്തി നിർമ്മാണം നടന്നുവരുന്നു. കൂടാതെ തൃശ്ശൂർ ജില്ലയിൽ അഞ്ചങ്ങാടി, മുനക്കടവ്, ചേറ്റുവ അഴിയുടെ തെക്കേഭാഗം, മലപ്പുറം ജില്ലയിൽ തിരൂർ താലൂക്കിലെ പടിഞ്ഞാറെക്കര കോഴിക്കോട് ജില്ലയിൽ ചിറങ്ങായി, കക്കാട്ടുപള്ളി, മാറാട്, കണ്ണൂർ ജില്ലയിൽ മാട്ടൂർ, തെയ്യിൽ, പരിമടം, മുഴപ്പിലങ്ങാട്, തലശ്ശേരി, കാസർഗോഡ് ജില്ലയിൽ കോയിപ്പാടി, കാവുഗോളി, ചെംപരിക്ക, സരിക്ക, ഷെറിയ എന്നീ സ്ഥലങ്ങളിലും കടൽഭിത്തി നിർമ്മാണം പുരോഗമിക്കുന്നുണ്ട്.

(സി) പ്രവർത്തിയുടെ അടിയന്തിര സ്വാഭാവവും, ഫണ്ടിന്റെ ലഭ്യതയും അനുസരിച്ച് കടൽഭിത്തികളുടെ അറ്റകുറ്റപ്പണികൾ നടത്തുവാൻ നടപടി സ്വീകരിച്ചുവരുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly